സാമൂഹികപ്രവർത്തകരും സംഘടനകളും വേണ്ടത്ര സമ്മർദംചെലുത്തുന്നപക്ഷം കേന്ദ്രഗവണ്മെൻറ് ഈ രംഗത്തു് നിർണ്ണായക നടപടികൾ കൈക്കൊണ്ടുകൂടായ്കയില്ല.

19 നവംബർ, 1983

# 34. ബലാൽസംഗം

സ്ത്രീയോടു് പുരുഷനു ചെയ്യാവുന്ന ഏററവും ഹീനമായ പാതകമാണ് ബലാൽസംഗം. പക്ഷേ, സ്ത്രീയോടു പുരുഷൻ ചെയ്യുന്ന ഏററവും സാധാരണമായ കുററവും അതുതന്നെ. ഇന്ത്യയിൽ ഓരോ രണ്ടുമണിക്കൂറിലും ഒരു ബലാൽസംഗംവീതം നടക്കുന്നുണ്ടത്രേ.

ബലാൽസംഗം ഇത്ര സാധാരണമാണെങ്കിലും, ബലാൽസംഗക്കേസുകൾ കോടതികളിൽ എത്തുക അപൂർവ്വമാണ്. ബലാൽസംഗത്തെപ്പോലെ അത്ര വലിയ മറെറാരു മാനഹാനി സ്ത്രീക്കു് ഇല്ല. അതിനാൽ ബലാൽസംഗത്തിനു വിധേയയായ സ്ത്രീയോ, അവളുടെ കുടുംബമോ ഈ അതിക്രമത്തെപ്പററി പോലീസിൽ ആവലാതി ബോധിപ്പിക്കാനോ, അതിന്റെപേരിൽ കോടതി കയറാനോ തയ്യാറാവില്ല. ഏതെങ്കിലും വനിതാസംഘടനയോ, സാമൂഹ്യസ്ഥാപനമോ, പ്രേരിപ്പിക്കുകയും ക്രിയാത്മകമായി ഇടപെടുകയുംചെയ്യുമ്പോഴേ, സാധാരണനിലയിൽ ബലാൽസംഗം പോലീസ് ഡയറിയിലും തുടർന്നു് കോടതി റിക്കാർഡുകളിലും എത്തിച്ചേരാറുള്ളു.

ബഹുജനവിശ്വാസം പൊതുവെ ബലാൽസംഗക്കേസുകളിൽ പ്രതിക്കു് (പുരുഷനു്) അനുകൂലവും വാദിക്കു് (സ്ത്രീക്കു്) എതിരുമാണ്. ബലാൽസംഗത്തിനു വിധേയയായ സ്ത്രീ ദുർന്നടപടിക്കാരിയായിരിക്കണമെന്നത്രേ പൊതുജനത്തിന്റെ മുൻവിധി. സ്ത്രീകളുടെ മാദകമായ വസ്ത്രധാരണവും ചേഷ്ടകളും നിമിത്തം മതിമറന്നു്, താല്ക്കാലികമായ ഒരു ഉന്മാദാവസ്ഥയിലാണ് പുരുഷൻ ബലാൽസംഗം നടത്തുന്നതെന്നു് പരക്കെ വിശ്വസിക്കപ്പെടുന്നു. 'പുരുഷനെ ഉത്തേജിപ്പിക്കുമാറു് വസ്ത്രം ധരിച്ച ഓരോ സ്ത്രീയും ബലാൽസംഗം അർഹിക്കുന്നു' എന്നു് ഇന്ത്യയിൽ ഒരു സുപ്രീംകോടതി ജഡ്ജി കുറേമുമ്പ് പരസ്യമായി പ്രസ്താവിക്കുകയുണ്ടായി. ബലാൽസംഗത്തിനു തുനിയുന്ന പുരുഷനെ ചെറുക്കരുതെന്നാണ് സ്ത്രീകളെ പോലീസുകാർപോലും ഉപദേശിക്കുക. കാരണം ചെറുക്കുന്ന സ്ത്രീയുടെ ജീവൻ അപകടത്തിലായേക്കാം. അതേസമയം ചെറുത്തുനില്ക്കുന്ന ഒരു സ്ത്രീയെ ബലാൽസംഗത്തിനു കീഴ്പ്പെടുത്താൻ ഒരു പുരുഷനും കഴിവില്ലെന്നും, അതിനാൽ എല്ലാ ബലാൽസംഗങ്ങളും നടക്കുന്നതു് സ്ത്രീയുടെ സമ്മതത്തോടെയാണെന്നും വാദിക്കപ്പെടുകയുംചെയ്യുന്നു.

ബലാൽസംഗം നടന്നുവെന്നും, അതു് സ്ത്രീയുടെ സമ്മതത്തോടെയല്ലെന്നും കോടതിയിൽ തെളിയിക്കേണ്ടതു് ബലാൽസംഗത്തിനു വിധേയയായ സ്ത്രീയുടെ ചുമതലയാണ്. സാധാരണനിലയിൽ ബലാത്സംഗക്കുററത്തിനു് സാക്ഷികളെ കിട്ടാൻ വഴിയില്ലല്ലോ. സംഭവം നടന്നുകഴിഞ്ഞ ഉടനെ മെഡിക്കൽ പരിശോധന നടത്തുകയെന്നതു് ഇന്ത്യൻ പരിതഃസ്ഥിതികളിൽ, തീരെ പ്രായോഗികവുമല്ല.

ഇത്തരം കാരണങ്ങളാൽ ഇന്ത്യയിൽ ബലാൽസംഗങ്ങൾ പ്രായേണ ശിക്ഷിക്കപ്പെടാതെപോവുകയാണ് പതിവ്. അഞ്ചുവർഷം മുമ്പുമാത്രമാണ് ബലാൽസംഗത്തിനെതിരെ സംഘടിതമായ ഒരു പ്രസ്ഥാനം

ഇന്ത്യയിലെ സ്ത്രീകൾ ആരംഭിച്ചത്. വനിതാ വിമോചനപ്രസ്ഥാനം നയിച്ചിരുന്ന ഏതാനും സ്ത്രീകൾ ബോംബെ, ദൽഹി മുതലായ നഗരങ്ങളിൽ കേന്ദ്രീകരിച്ച് അവർ ബലാൽസംഗത്തിനെതിരെ പ്രക്ഷോഭണം നടത്തിത്തുടങ്ങി.

ഗുജറാത്തിൽ രേഖപ്പെടുത്തപ്പെട്ട പ്രക്ഷോഭകരമായ ഒരു ബലാൽസംഗക്കേസിൽ ഇക്കഴിഞ്ഞ ജൂൺമാസത്തിൽ വിധി പ്രസ്താവിച്ചുകൊണ്ട് സുപ്രീംകോടതിയിലെ ജസ്റ്റീസ് എം. പി. ഥക്കർ, ജസ്റ്റീസ് എ. എൻ. സെൻ എന്നിവർ നടത്തിയ ചില പരാമർശങ്ങൾ, ബലാൽസംഗക്കേസിൽ പ്രതികളെ ശിക്ഷിക്കുന്നതും വാദികൾക്ക് ആശ്വാസം നൽകുന്നതും ഒട്ടേറെ സുഗമമാക്കിയിട്ടുണ്ട്.

ഗുജറാത്തിലെ ഗാന്ധിനഗറിൽ സർക്കാർ ഉദ്യോഗസ്ഥനായ ബി. ബി. ഹർജീഭായി എന്നൊരാൾ പത്തും പന്ത്രണ്ടും വയസ്സായ രണ്ടു പെൺകുട്ടികളെ ബലാൽസംഗത്തിനായി പിടികൂടി. ഒരു പെൺകുട്ടി രക്ഷപ്പെട്ടു. മറ്റേ പെൺകുട്ടിയെ ബലാൽസംഗം ചെയ്തതായി പിന്നീട് നടന്ന വൈദ്യപരിശോധനയിൽ വ്യക്തമായി. കുട്ടികളുടെ അച്ഛനമ്മമാർ ആഗ്രഹിച്ചത് ഈ നാണക്കേട് പൂഴ്ത്തിവയ്ക്കാനാണ്. പക്ഷേ ശ്രീമതി കന്താബെൻ എന്ന ഒരു സാമൂഹ്യപ്രവർത്തക ഈ സംഗതിയിൽ ഇടപെട്ടു. അഞ്ഞൂറു സ്ത്രീകളോടൊപ്പം ഒരു ഘോഷയാത്രയായി ഹർജീഭായിയുടെ വീട്ടിൽ ചെന്ന് താൻ ചെയ്ത കുറ്റത്തിന് പരസ്യമായി മാപ്പു ചോദിക്കാൻ കന്താബെൻ അയാളോടാവശ്യപ്പെട്ടു. അയാൾ അതിനു വിസമ്മതിച്ചപ്പോൾ, അയാൾക്കെതിരെ ബലാൽസംഗക്കേസ് കോടതിയിൽ ഫയൽചെയ്തു. സെഷൻകോടതി അയാളെ ശിക്ഷിച്ചു; ഹൈക്കോടതി ശിക്ഷ ശരിവച്ചു. തുടർന്ന് ഹർജീഭായിയുടെ അപ്പീൽ സുപ്രീംകോടതിയിലെത്തി.

വിധിന്യായത്തിൽ ജസ്റ്റീസ് ഥക്കറും ജസ്റ്റീസ് സെന്നും സുപ്രധാനമായ ചില പരാമർശങ്ങൾ നടത്തി. ബലാൽസംഗക്കേസ്സിൽ വാദിയുടെ മൊഴി ശരിവയ്ക്കുന്ന മറ്റു സാക്ഷികൾ ഇല്ലെങ്കിൽക്കൂടി, വാദിയുടെ മൊഴിയിൽ അടിസ്ഥാനപരമായ ദൗർബല്യങ്ങൾ ഇല്ലെങ്കിൽ, അതിനെ സാധാരണഗതിയിൽ സംശയിച്ചുകൂടാ എന്നതാണ് ഒരു പരാമർശം. അതായത് ബലാൽസംഗക്കേസുകളിൽ സാക്ഷിയുടെ തെളിവില്ലെങ്കിലും വാദിയുടെ മൊഴിയെ അടിസ്ഥാനമാക്കി പ്രതിക്ക് ശിക്ഷ വിധിക്കാം. തന്നെ പ്രതി ബലാൽസംഗം ചെയ്തതായി തെളിയിക്കേണ്ട ചുമതലയിൽനിന്ന് വാദിക്ക് (ബലാൽസംഗത്തിനിരയായ സ്ത്രീക്ക്) അങ്ങനെ മോചനം ലഭിച്ചിരിക്കുന്നു. വിധിന്യായത്തിൽ പറയുന്നു:

'തന്നെ ബലാൽസംഗം ചെയ്തതായി ആവലാതിപ്പെടുന്ന ഒരു പെൺകിടാവ് നൽകുന്ന മൊഴിയെ എന്തുകൊണ്ട് കോടതി സംശയിക്കുകയോ അവിശ്വസിക്കുകയോ ചെയ്യണം? അതിനെ സംശയിക്കുകയും അവിശ്വസിക്കുകയും ചെയ്യുന്നതിന് അർത്ഥം, പുരുഷമേധാവിത്വമുള്ള ഒരു സമൂഹത്തിൽ പുരുഷൻ തന്റെ ശ്രേഷ്ഠതയിൽ വിശ്വസിക്കുന്നു എന്നു മാത്രമാണ്. നമ്മുടേതുപോലുള്ള ഒരു സമൂഹത്തിൽ താൻ ബലാൽസംഗത്തിനു വിധേയയായി എന്ന് ഒരു സ്ത്രീ കളവായി ആരോപിക്കുക സംഭവ്യമല്ല. കാരണം അത്തരമൊരു ആരോപണം ഉന്നയിക്കുന്നതിന്റെ ഭവിഷ്യത്തുകൾ എന്തൊക്കെയാണെന്ന് ഇന്ത്യയിൽ പത്തോ പന്ത്രണ്ടോ വയസ്സായ കുട്ടികൾക്കുപോലുമറിയാം.'

ബലാൽസംഗത്തിനെതിരായി ഇന്ത്യൻ പീനൽകോഡിലുള്ള വകുപ്പുകളുടെ അപര്യാപ്തതയെപ്പറ്റി വനിതാ സംഘടനകൾ നടത്തിയ പ്രക്ഷോഭണങ്ങളുടെ ഫലമായി, 1980-ൽ സർക്കാർ ഭാഗത്തുനിന്ന് അവതരിപ്പിച്ച ഒരു ക്രിമിനൽ നിയമഭേദഗതിബിൽ ഇപ്പോഴും പാർലമെന്റി

ന്റെ മുമ്പിലുണ്ട്. ഈ ബില്ല് തികച്ചും അപര്യാപ്തമാണെന്നാണ് പലരും കരുതുന്നത്. കാരണം, ശാരീരികമായ നിർബന്ധം ഉപയോഗിച്ചല്ലാതെ, സാമ്പത്തികമായ നിർബന്ധം ഉപയോഗിച്ച് നടത്തുന്ന ലൈംഗികബന്ധത്തെ ബലാൽസംഗമായി ഈ ബില്ല് കാണുന്നില്ല. പതിനെട്ടു വയസ്സിൽ താഴെയുള്ള ബാലികമാർ 'സമ്മതം' നൽകിയതായി കരുതിക്കൂടെന്ന നിർദ്ദേശം സംബന്ധിച്ചും ബില്ലിൽ വ്യക്തമായ പരാമർശമില്ല. ബലാൽസംഗക്കേസിൽ വാദികളുടെ വീട്ടിൽ വനിതാ കോൺസ്റ്റബിൾമാർ ചെന്ന് മൊഴിയെടുക്കണമെന്ന വ്യവസ്ഥയും ബില്ലിൽ ചേർത്തിട്ടില്ല. ഈ നിലയിൽ ബില്ല് പാസ്സാക്കുംമുമ്പ് അത് പൂർണമായും തിരുത്തിയെഴുതേണ്ടിവന്നേക്കാം.

ഇന്ത്യയിലെ സ്ത്രീകൾ പ്രായേണ നിരക്ഷരരും സാമൂഹ്യമായ അവശതകൾ ധാരാളം ഉള്ളവരുമാകയാൽ, അവർ ബലാൽസംഗത്തിന് കൂടുതൽ വിധേയരാകുന്നുണ്ട്. എന്നുവെച്ച്, സ്ത്രീകൾക്ക സമത്വംമാത്രമല്ല മേധാവിത്വംപോലുമുള്ള പാശ്ചാത്യരാജ്യങ്ങളിൽ ബലാൽസംഗങ്ങൾ നടക്കുന്നില്ലെന്നോ, ബലാൽസംഗം അവിടെ ഒരു പ്രശ്നമല്ലെന്നോ കരുതേണ്ടതില്ല. 'ബലാൽസംഗവും അതിനു വിധേയരാകുന്നവരും' എന്ന ഒരു പുസ്തകം ഈയിടെ പടിഞ്ഞാറൻ ജർമനിയിൽ പ്രസിദ്ധീകരിക്കപ്പെട്ടു. ഇതിന്റെ ഒരു ദീർഘനിരൂപണം ജൂലൈ 17–ലെ 'ജർമൻ ട്രിബ്യൂൺ' പത്രത്തിൽ ഉദ്ധരിച്ചിട്ടുണ്ട്. ബലാൽസംഗത്തോട് ജർമൻകാർ (പൊതുവെ യൂറോപ്പുകാർ) പുലർത്തുന്ന മനോഭാവവും, ഈ കുററം ഉയർത്തുന്ന സാമൂഹ്യപ്രശ്നങ്ങളും, ഏകദേശമായി ഈ നിരൂപണത്തിൽനിന്നു മനസ്സിലാക്കാം.

ബലാൽസംഗക്കേസുകളിൽ പ്രതിയിലെന്നപോലെതന്നെ കുററം വാദിയിലുമുണ്ടെന്നാണ് ഇപ്പോഴും പാശ്ചാത്യ സാമൂഹ്യശാസ്ത്രജ്ഞരുടെ വിശ്വാസം. അറിഞ്ഞോ, അറിയാതെയോ സ്ത്രീ വരുത്തിവയ്ക്കുന്ന വിനയാണ് ബലാൽസംഗമെന്നായിരുന്നു 1976–ൽ ജർമനിയിൽ നടന്ന ഒരു പഠനത്തിന്റെ നിഗമനം. ഒരു സ്ത്രീയുടെ ദർശനമോ, അവളുടെ ചലനം, ഉടുപ്പ്, ആകൃതി എന്നിവയിലെ ഏതെങ്കിലും പ്രത്യേകതയോ, ബലാത്സംഗത്തിന് പുരുഷനെ ഉത്തേജിപ്പിക്കാം. പക്ഷേ, സ്ത്രീ അത് അറിഞ്ഞില്ലെന്നുവരാം. 1976–ൽ അമേരിക്കൻ കുററശാസ്ത്രവിദഗ്ധൻ ഏമീർ എഴുതി: 'ഒരുവിധത്തിൽ പറഞ്ഞാൽ, ബലാൽസംഗമെന്ന കുററത്തിന്റെ കാരണം, എപ്പോഴും അതിനു വിധേയയാകുന്ന സ്ത്രീയാണ്.' ബലാൽസംഗക്കേസിൽ അനുഭാവം വേണ്ടത് പ്രതിയോടാണെന്ന് 1970–ൽ ജർമൻ കുററമനഃശാസ്ത്രജ്ഞൻ ഹിഷേർ എഴുതി. 'ലൈംഗിക വൈരാഗ്യമുള്ള സ്ത്രീകളുടെ കുതന്ത്രങ്ങൾക്കടിമയായിപ്പോയ ഒരു പാവം' ആണ് ബലാൽസംഗത്തിലെ പ്രതിയെന്നാണ് ഹിഷേറുടെ അഭിപ്രായം.

മുമ്പു പറഞ്ഞ പുസ്തകത്തിന്റെ രചയിതാവ്, കുർട്ട് വൈസ്, ഈ അഭിപ്രായത്തെ എതിർക്കുന്നു. ഇവരൊക്കെ ബലാൽസംഗത്തെ പ്രതിയുടെ കാഴ്ചപ്പാടിലൂടെ നോക്കിക്കാണുകയാണെന്ന് വൈസ് പറയുന്നു. ഈ പ്രശ്നം നോക്കിക്കാണേണ്ടത് പ്രതിയുടെ (പുരുഷന്റെ)കണ്ണിലൂടെയല്ല, വാദിയുടെ (സ്ത്രീയുടെ) കണ്ണിലൂടെയാണ്. തന്റെ പ്രവൃത്തിയെ സാധൂകരിക്കാൻ പ്രതി, വാദിയിൽ പഴിചാരും; അതു സാധാരണം മാത്രം.

1979_ൽ കുർട്ട് വൈസും നാലു സ്ത്രീകളും ചേർന്ന് പടിഞ്ഞാറൻ ജർമനിയിലെ സാർബ്രൂക്കൻ യൂണിവേഴ്സിററിയിൽ ഒരു ടെലിഫോൺ സ്ഥാപിച്ചു. ബലാത്സംഗത്തിന് ഇരകളായ സ്ത്രീകൾക്ക്, തങ്ങളുടെ പേർ വെളിപ്പെടുത്താതെ, സ്വന്തം അനുഭവങ്ങളെപ്പററി ചർച്ച

ചെയ്യാൻ അവസരം കൊടുക്കുന്നതിനായിരുന്നു ഈ ടെലിഫോൺ. നഗരങ്ങളിൽനിന്നും ഗ്രാമങ്ങളിൽനിന്നുമായി, വ്യത്യസ്ത തൊഴിലുകളിൽ ഏർപ്പെട്ട എത്രയോ സ്ത്രീകൾ ഈ ടെലിഫോണിലൂടെ വൈസിനോട്ടും കൂട്ടകാരോട്ടും തങ്ങളുടെ ദുരനുഭവങ്ങളെപ്പററി പറഞ്ഞു! ഇവരിൽ അധികം പേരും തങ്ങൾ ബലാത്സംഗത്തിനു വിധേയരായ കാര്യം പോലീസിൽ റിപ്പോർട്ടുചെയ്തിരുന്നില്ല. പോലീസിൽ റിപ്പോർട്ടുചെയ്തിട്ട് കാര്യമില്ലെന്ന വിശ്വാസമാണ് അവർക്ക്. കാരണം, ബലാത്സംഗം നടക്കുന്നത് സ്ത്രീയുടെ സമ്മതത്തോടെയാണെന്നും, ചെറുക്കുന്ന സ്ത്രീയെ ബലാത്സംഗംചെയ്യാൻ പുരുഷനു കഴിയില്ലെന്നുമുള്ള ധാരണയാണ്, ഇന്ത്യയിലെന്നപോലെ, ജർമനിയിലും. ബലാത്സംഗംചെയ്യുന്ന പുരുഷൻ പാവപ്പെട്ട ഒരു മനോരോഗിയാണെന്ന ധാരണയും അവിടെയുണ്ട്. സച്ചരിത്രകളായ സ്ത്രീകൾക്ക് ഇത്തരമൊരു കഴപ്പം ഒരിക്കലും വരില്ലെന്നതാണ് മറെറാരു തെററായ ധാരണ. തന്നെ സ്ത്രീ അപമാനിച്ചതിനു പുരുഷൻ ചെയ്യുന്ന ന്യായമായ പ്രതികാരമായി ബലാത്സംഗത്തെ കാണുന്നവരും കുറവല്ല.

ഈ ധാരണകൾ നിമിത്തം, യൂറോപ്പിൽ ബലാത്സംഗത്തിനു വിധേയയായ സ്ത്രീ, താനെന്തോ പാപംചെയ്തതായി ധരിച്ചുവശാവുന്നു.

കർട്ട്വൈസിനോട് ടെലിഫോണിൽ സംസാരിച്ച ചില സ്ത്രീകൾ അങ്ങനെ ചെയ്തത് ബലാത്സംഗം നടന്ന് നാല്പത്തെട്ടു വർഷങ്ങൾക്കശേഷമാണ്; ചിലർ ഒരാഴ്ചയ്ക്കുശേഷവും. ശരാശരി എടുത്താൽ, ബലാത്സംഗത്തിനുശേഷം പതിമ്മൂന്നു വർഷങ്ങൾ കഴിഞ്ഞാണ് ഈ സ്ത്രീകൾ തങ്ങളുടെ അനുഭവം വിവരിച്ചത്.

ബലാത്സംഗത്തിനു വിധേയരായ ഈ സ്ത്രീകളിൽ പലർക്കും അതുകൊണ്ടുണ്ടായ മനഃക്ലേശം എത്രയോ വർഷങ്ങളോളം തുടർന്നു നിലനിന്നു. പത്തുകൊല്ലം മുമ്പ് ബലാത്സംഗംചെയ്യപ്പെട്ട ഒരു സ്ത്രീ പറഞ്ഞത്, ജീവിതത്തിൽ ഇനിയൊരിക്കലും തനിക്ക് മനശ്ശാന്തി കിട്ടുകയില്ലെന്നാണ്. ആ ദുരനുഭവത്തെപ്പററി ശാന്തമായി ചിന്തിക്കാൻ പിന്നീട് കരുത്തു നേടിയ സ്ത്രീകൾ വളരെ കുറവായിരുന്നു. മിക്കവർക്കും, അകാരണമായ ഭയവും, വിഷാദസ്വഭാവവും സ്ഥിരമായി വന്നുചേർന്നു; ചിലർക്ക് എല്ലാററിലും വിരക്തിയും. ബലാത്സംഗത്തെ ഇവർ എല്ലാവരും ലൈംഗികസമ്പർക്കമായല്ല, ശാരീരികമായ ആക്രമണമായാണ് വീക്ഷിച്ചിരുന്നത് എന്നതാണ് ശ്രദ്ധിക്കേണ്ട മറെറാരു വസ്തുത.

പാശ്ചാത്യരാജ്യങ്ങളിലും ബലാത്സംഗഭയം സ്ത്രീകളുടെ സ്വതന്ത്രസഞ്ചാരത്തെ തടയുന്നുണ്ടെന്ന് കർട്ട്വൈസ് പറയുന്നു. സ്ത്രീകളെ പുരുഷന്റെ കീഴിൽ, വീട്ടിൽ, തളച്ചിടുന്നതിനു ആവശ്യമായ സാമൂഹ്യനിയന്ത്രണം നേടുവാൻ പുരുഷൻ ഉപയോഗപ്പെടുത്തുന്ന ഒരു ആയുധമാണ് ബലാത്സംഗം എന്നത്രേ ഈ ഗ്രന്ഥകാരന്റെ നിഗമനം.

14 സെപ്തംബർ, 1983

# 35. വേശ്യാവൃത്തി എന്ന കുലത്തൊഴിൽ

ഏററവും പഴയ കുലത്തൊഴിൽ എന്താണ്? അത് വേശ്യാവൃത്തി ആണെന്നത്രെ പലരുടേയും പക്ഷം. ഇംഗ്ലീഷിൽ വേശ്യാവൃത്തിയെ 'ദി ഏർലിയെസ്റ്റ് പ്രൊഫഷൻ' എന്നു വിളിക്കാറുണ്ട്.

പഴമയുടെ കാര്യം എങ്ങനെയിരുന്നാലും, വേശ്യാവൃത്തി തങ്ങളുടെ കുലത്തൊഴിൽ ആണെന്നു കരുതുന്ന ജാതിക്കാരും വർഗക്കാരും ഇന്ത്യ